# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3125** | **20-06-2014 ൽ മറുപടിയ്ക്ക്**

### നെല്ലുല്പാദനം

| **ചോദ്യം** | | **മറുപടി** |
|---|---|---|
| ശ്രീ.കെ.രാധാകൃഷ്ണൻ | | ശ്രീ.കെ.പി.മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഓരോ വർഷവും നെല്ലുല്പാദനത്തിൽ മുൻവർഷത്തെക്കാൾ വർദ്ധനവുണ്ടായിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) | എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) 2010-2011 ൽ നെല്ലിന്റെ ഉല്പാദനം 522740 മെട്രിക് ടൺ ആയിരുന്നത് 2011-12 ൽ 568993 മെട്രിക് ടൺ ആയി വർദ്ധിക്കുക യുണ്ടായി. 2011-12 വർഷം ഉല്പാദനത്തിൽ മുൻ വർഷത്തേക്കാൾ 8.8% വർദ്ധനവ് ഉണ്ടായിട്ടുണ്ട്. എന്നാൽ 2012-13 ൽ ഉല്പാദനം 508299 മെട്രിക് ടൺ ആയിരുന്നു. 2012-13 ൽ 16338.3 ഹെക്ടർ നെൽകൃഷി വരൾച്ച മൂലം നാശം സംഭവിച്ചതിനാലാണ് ഉല്പാദനത്തിൽ ഗണ്യമായ കുറവനുഭവപ്പെട്ടത്. 2013-14 ലെ ഉല്പാദനത്തിന്റെ കണക്ക് ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് പ്രസിദ്ധീകരിച്ചിട്ടില്ല. |
| (സി) | നെൽകർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനും നെല്ലുല്പാദനം വർദ്ധിപ്പിക്കുവാനും സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; | (സി) 2011-12 വർഷം 23243.64 ലക്ഷം രൂപ, 2012-13 വർഷം 19100.96 ലക്ഷം രൂപ, 2013-14 വർഷം 11135.075 ലക്ഷം രൂപ എന്നിവയുള്ള വിവിധ നെൽകൃഷി വികസന പദ്ധതികൾ കർഷകർക്ക് പ്രയോജനപ്രദമായ രീതിയിൽ കൃഷി വകുപ്പ് നടപ്പിലാക്കുകയുണ്ടായി. 2014-15 വർഷത്തേക്കായി സമഗ്ര നെൽകൃഷി വികസന പദ്ധതി, സുസ്ഥിര നെൽകൃഷി വികസനം 180000 ഹെക്ടറിലേയ്ക്ക് 2700 ലക്ഷം രൂപയും നെൽകൃഷി വികസന |

ഏജൻസികൾക്ക് ഉള്ള ധനസഹായത്തിനായി 150 ലക്ഷം രൂപയും പ്രത്യേക നെല്ലിനങ്ങളുടെ വികസന ത്തിനായി 2000 ഹെക്ടറിന് 200 ലക്ഷം രൂപയും പാടശേഖരസമിതികളുടെ പ്രവർത്തന ചെലവിനായി 302 ലക്ഷം രൂപയും വകയിരുത്തി പദ്ധതി നടപ്പിലാക്കി വരുന്നു.

| | | | |
|---|---|---|---|
| (ഡി) | നെൽകൃഷിക്കാർക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങൾ നിശ്ചിത സമയപരിധി കളളിൽ ലഭിക്കുന്നി ല്ലെന്ന പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) | നെൽകൃഷിക്കാർക്ക് നൽകേണ്ട ആനുകൂല്യങ്ങളെല്ലാം നിശ്ചിത സമയപരിധിക്കുള്ളിൽ തന്നെ ലഭ്യമാക്കാറുണ്ട്. |
| (ഇ) | എങ്കിൽ അത് പരിഹരിക്കുന്നതി നാവശ്യമായ നടപടി കൾ സ്വീകരിക്കുമോ? | (ഇ) | ബാധകമല്ല. |

സെക്ഷൻ ഓഫീസർ